LIBRARY ARCHIVES Kerala Legislative Assembly

വാളയാർ ചെക്ക്പോസ്റ്റിലെ നികുതി വരുമാനം

126 (2364) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2013-14-ലെ ഇതുവരെയുള്ള വാളയാർ ചെക്ക്പോസ്റ്റിലെ നികുതി വരുമാനം എത്രയാണ്; കഴിഞ്ഞ വർഷത്തേക്കാൾ എത്ര ശതമാനം വർദ്ധനവാണ് ഉണ്ടായതെന്ന് വിശദമാക്കുമോ ?

ഉത്തരം

2013-14 സാമ്പത്തിക വർഷം 31-10-2013 വരെ വാളയാറിലെ നികുതി വരുമാനം 122.21 കോടി രൂപ ആയിരുന്നു. 2014-15 സാമ്പത്തിക വർഷം 31-10-2014 വരെ 131.14 കോടി രൂപയാണ് വരുമാനമായി ലഭിച്ചത്. 7 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള സമയപരിധി

127 (2365) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് MLA- SDF-ൽ ഭരണാനുമതി നൽകിയതിനുശേഷം പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള സമയപരിധി എത്രയാണെന്ന് വിശദമാക്കാമോ ;

(ബി) റോഡിന്റെയും മറ്റും കാര്യത്തിൽ ഈ സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ പറ്റാത്ത സാഹചര്യം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത്തരം പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള സമയം ഒരു വർഷമായി വർദ്ധിപ്പിക്കുന്ന വിഷയം പരിഗണിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) എം.എൽ.എ. ഫണ്ടിൻകീഴിലുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സമയക്രമം നിശ്ചയിച്ചുകൊണ്ട് 20-11-2009-ൽ G.O(P) No.518/09/Fin പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(i)	25 ലക്ഷം രൂപവരെ	ഭരണാനുമതി നൽകിയ തീയതി മുതൽ 6 മാസം വരെ
(ii)	25 ലക്ഷം രൂപ മുതൽ 50 ലക്ഷം രൂപ വരെ	ഭരണാനുമതി നൽകിയ തീയതി മുതൽ 9 മാസം വരെ
(iii)	50 ലക്ഷം രൂപ മുതൽ 75 ലക്ഷം രൂപ വരെ	ഭരണാനുമതി നൽകിയ തീയതി മുതൽ 12 മാസം വരെ

(ബി&സി) റോഡിന്റെയും മറ്റും കാര്യത്തിൽ നിശ്ചിത പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യമുണ്ടെന്നും പ്രതികൂല കാലാവസ്ഥ, സൈറ്റ് കണ്ടീഷൻ മറ്റ് അപ്രതീക്ഷിത സാഹചര്യങ്ങൾ എന്നിവമൂലം സമയ പരിധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരുന്ന പ്രവൃത്തികൾക്ക് സമയപരിധി ദീർഘിപ്പിച്ച് നൽകാറുള്ളതായി വിവിധ ജില്ലാ കളക്ടർമാർ അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ആവശ്യമായ നിർദ്ദേശം എല്ലാ ജില്ലാകളക്ടർമാർക്കും നൽകുന്നതാണ്.

ചേർത്തല മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്

128 (2366) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എൻജിനീയറുടെ ഓഫീസിൽ നിന്നും 18-3-2014-ൽ FB4/1747/എ 4 നമ്പരായി ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച കത്ത് സെക്രട്ടേറിയറ്റിൽ ലഭിച്ചത് എന്നാണ്; മണ്ഡലം ആസ്തി വികസന ഫണ്ടിൽപ്പെടുത്തി 2013-ൽ ഭരണാനുമതി ലഭിച്ചതും സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ചുമതലയിൽ ചേർത്തല മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ഉത്തരവനുസരിച്ച് പൊതുമരാമത്തിന്റെ ശീർഷകത്തിലെ തുക മാറി നിർമ്മിതി കേന്ദ്രത്തിന് കൈമാറുന്നതിനുള്ള സാങ്കേതികമായ തടസ്സം പരിഹരിക്കാൻ ഉത്തരവ് നൽകാനുള്ള പ്രസ്തുത കത്തിന് ധനകാര്യ വകുപ്പിൽ നിന്നും മറുപടി നൽകിയോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന പറയാമോ ;

(ബി) മേൽപറഞ്ഞ ഫയലിൽ നടപടി സ്വീകരിക്കാതെ ഏതെങ്കിലും ഉദ്യോഗസ്ഥൻ കാലതാമസം വരുത്തിയെങ്കിൽ, പ്രസ്തുത ഉദ്യോഗസ്ഥന്റെ പേരുവിവരം വെളിപ്പെടുത്തുമോ; കാലതാമസത്തിന്റെയും അതിന്റെ കാരണത്താൽ നിർമ്മാണം മുടങ്ങുകയും അഥവാ നടന്നാൽ തന്നെ കൂടുതൽ സാമ്പത്തിക ചെലവ് സർക്കാരിന് ഉണ്ടാവുകയും ചെയ്താൽ ഈ ഉദ്യോഗസ്ഥനെതിരെ ശിക്ഷണ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly